# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളികുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.6/915/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളികുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.6/915/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 23-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 23-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുഷ.റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ്കുമാർ.ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി .ഇന്ദിരാ തങ്കപ്പൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി .ബിജി പ്രസാദ് | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| ശ്രീ.എസ്സ്. പ്രദീപ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷാഹിദാ ബീവി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ലക്ഷ്മി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീലേഖ.വി | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.റിഷാദ് | എം.ഒ.പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.നീലി നായർ | എം.ഒ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ശ്രീലേഖ.കെ | എം.ഒ.ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി ഉഷാദേവി ഒ | എച്ച്.എം.ഗവ.യു.പി.എസ്സ്.വള്ളികുന്നം | 01-04-2020 | 31-03-2021 |
| ശ്രീമതി.ജയശ്രീ.എസ്സ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.റിഷി.എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഷീജ.എൻ | അസി. എഞ്ചിനീയർ | 01-04-2020 | 22-06-2020 |
| ശ്രീമതി.ശ്രീശോഭ.കെ | അസി. എഞ്ചിനീയർ | 23-06-2020 | 08-02-2021 |
| ശ്രീമതി. സനൂജ.എച്ച് | അസി. എഞ്ചിനീയർ | 09-02-2021 | 31-03-2021 |

അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി 12-11-2020 മുതൽ 31-12-2020 വരെ

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 11-01-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 27-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 17-10-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 26-10-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 11-01-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 11-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 11-01-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 11-01-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Mini.P.Radhakrishnan (Audit Officer, On 20-10-2021)<br>Last Updated By: Rajeev R (Deputy Director, On 11-01-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 11-01-2022) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 20-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-10 |
| 12 | വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ ഗണ്യമായ കുറവ് -<br>Written By: Maneshkumar G (Senior Grade Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-11 |
| 13 | ലൈസൻസ് ഫീ ഈടാക്കുന്നതിൽ കുറവ്<br>Written By: Maneshkumar G (Senior Grade Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-12 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-13 |
| 15 | ഇ-ടെണ്ടർ ഫീസ് - 1,14,434/-രൂപ തനതുഫണ്ട് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-14 |
| 16 | ഓഡിറ്റ് ഇംപാക്ട്:- ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നൽകിയ 13,130/- രൂപ ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരികെ അടച്ചു | 1-15 |

| | | |
|---|---|---|
| | Written By: Mini.P.Radhakrishnan (Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | |
| 17 | ഭൂഗർഭ കേബിൾ -റോഡ് കട്ടിംഗ് ചാർജ്ജ് 16,38,002/-രൂപ ഈടാക്കിയില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-16 |
| 18 | കൃഷ്ണഗിരി- ചാങ്കൂർ റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് 6,02,661/-രൂപ കെ.എസ്.ഇ.ബി യിൽ നിന്ന് ഈടാക്കിയില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-17 |
| 19 | ബാരൽ വില തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: Mini.P.Radhakrishnan (Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-18 |
| 20 | നിക്ഷേപ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 20-10-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-19 |
| 21 | പൊതു വഴി കൈയ്യേറി മതിൽ നിർമ്മാണം<br>Written By: Susha.T.Pillai (Asst. Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-20 |
| 22 | അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയിട്ടില്ല<br>Written By: Sindhya.P (Asst. Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-21 |
| 23 | 100 തെരുവു വിളക്കുകളുടെ മീറ്ററിംഗ് പൂർത്തീകരിച്ചു<br>Written By: Susha.T.Pillai (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-22 |
| 24 | പ്രവർത്തനം നിലച്ച ജനറേറ്റർ പ്രവർത്തനക്ഷമമാക്കി<br>Written By: Susha.T.Pillai (Asst. Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-23 |
| 25 | ഗ്രാമ പഞ്ചായത്തിലെ കരാർ ജീവനക്കാരുടെ സേവനപുസ്തകം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-24 |
| 26 | ലൈസൻസ് ഇല്ലാത്തവർക്ക് സൈഡ് വീൽ സ്കൂട്ടർ വിതരണം ചെയ്യുതിരിക്കുന്നു - ചെലവ് തുക താൽക്കാലികമായി തടസ്സപ്പെടുത്തുന്നു<br>Written By: Sindhya.P (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-25 |
| 27 | മെറ്റീരിയൽ വർക്കുകളിൽ നിന്ന് ജി.എസ്സ്.ടി ഈടാക്കുന്നില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-26 |
| 28 | പൗരാവകാശരേഖ കാലികമാക്കി പ്രസിദ്ധീകരിച്ചു<br>Written By: Susha.T.Pillai (Asst. Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-27 |
| 29 | GEM വഴി സാധനങ്ങൾ വാങ്ങുന്നില്ല<br>Written By: Sindhya.P (Asst. Audit Officer, On 25-10-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 20-02-2022) | 1-28 |
| 30 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല<br>Written By: Sindhya.P (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-29 |
| 31 | ചെലവു രേഖകൾ സൂക്ഷിയ്ക്കുന്നതിൽ അലംഭാവം<br>Written By: Susha.T.Pillai (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-30 |
| 32 | വാഹനങ്ങളുടെ ഉപയോഗം-ക്രമപ്രകാരമല്ല<br>Written By: Maneshkumar G (Senior Grade Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-31 |
| 33 | പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം ഹരിതകർമ്മസേനയിലൂടെ<br>Written By: Mini.P.Radhakrishnan (Audit Officer, On 24-10-2021) | 1-32 |

| | | |
|---|---|---|
| | Last Updated By: Mini.P.Radhakrishnan (Audit Officer, On 27-11-2021) | |
| 34 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-33 |
| 35 | പട്ടികജാതി ഉപപദ്ധതി - അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-34 |
| 36 | ദുരന്ത നിവാരണ പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 21-10-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 20-02-2022) | 1-35 |
| 37 | അംഗനവാടികൾ സംബന്ധിച്ച അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-36 |
| 38 | 2020-21സാമ്പത്തികവർഷം വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളെക്കുറിച്ചുള്ള അവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-37 |
| 39 | ലൈഫ് പദ്ധതി അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-38 |
| 40 | തൊഴിലുറപ്പ് പദ്ധതി -അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-39 |
| | **ഭാഗം 2** | |
| 1 | വാണിജ്യ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ ഗണ്യമായ കുറവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 2-1 |
| 2 | സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 2-2- |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 4-4- |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 20-10-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 20-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

24.03.20 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 267218569 | 261378000 |
| ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | 126970543 | 129264182 |

## 1-2 വാർഷികധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-2021 | 31.7.2021 | 22-06-2021 |

## 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2020-21 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1) RP -7 ഷെഡ്യൂൾ പ്രകാരവും എ.സി.ആർ പ്രകാരവും വികസനഫണ്ട് ജനറൽ ഇനത്തിലെ ചെലവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ)17896906 രൂപയാണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 19210905 രൂപയും. കൂടാതെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഈ ഇനത്തിൽ നീക്കിയിരുപ്പ് നെഗറ്റീവ് ബാലൻസ് കാണിക്കുന്നു.

2)വിവിധ നിർവ്വഹണ ഏജൻസികളിൽ 2020-21 വർഷം നിക്ഷേപിച്ചതും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതുമായ തുകകൾ കൃത്യമായി വാർഷിക കണക്ക് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18474689 |
| വരവ് | 90563014 |
| ആകെ | 109037703 |
| ചെലവ് | 90113445 |
| നീക്കിയിരിപ്പ് | 18924258 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | നീക്കിയിരുപ്പ് (ലാപ്സായ തുക) |
|---|---|---|---|---|---|---|
| | | സോഴ്സ് ഡിഡക്ഷൻ | അലോട്ട്മെന്റ് | | | |
| വികസന ഫണ്ട്-ജനറൽ | | 1507100 | 18294135 | 19801235 | 17896906 | 1904329 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 0 | 10402215 | 10402215 | 8908670 | 1493545 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 14303000 | 14303000 | 11392093 | 12910907 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5076074 | 5076074 | 4897890 | 184184 |
| സി.എഫ്.സി | | 0 | 20790590 | 20790590 | 9831198 | 10959392 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 159 | 129183765 | 110 | 63658157 | 00 | 49 | 69.18% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 679833 | 1547896 | 2227729 | 2148000 | 79729 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 63954729 | 63954729 | 63954729 | 0 |
| ആകെ | 679833 | 65343167 | 66023000 | 66102729 | 79729 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 68280 | 96 |
| കർഷകതൊഴിലാളി പെൻഷൻ | 5459000 | 433 |
| വിധവാപെൻഷൻ | 20094700 | 395 |
| വാർദ്ധക്യകാലപെൻഷൻ | 42293900 | 3154 |
| വികലാംഗപെൻഷൻ | 5476600 | 252 |
| അവിവാഹിത പെൻഷൻ | 835100 | 27 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29031/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2021 | 08/2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.03.20 | 2018-19 | 25.05.20 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണെങ്കിലും താഴപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയ്യേറുന്നതായുള്ള പരാതികൾ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും പുറമ്പോക്ക് ഭൂമിയുടെ സംരക്ഷണം തൃപ്തികരമല്ലന്ന വ്യക്തമാകുന്നു. ഇവ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. വാണിജ്യആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടികൾ

സ്വീകരിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടതൽ കുറ്റമറ്റതാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ ഗണ്യമായ കുറവ് -

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/- രൂപയും 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 70/-രൂപയും ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിട നം. | ആകെ തറ വിസ്തീർണ്ണം | ചുമത്തിയ നികുതി@50 | ചുമത്തേണ്ട നികുതി@70 | കുറവ് |
|---|---|---|---|---|---|---|
| ശ്രീ. രവികുമാർ. കല്ല്യാണിശ്ശേരിൽ , ഇലപ്പിക്കുളം | 1(ചൂനാട്) | 250/A | 78.01 | 3900 | 5460 | 1560 |
| | | 250/B | 78.01 | 3900 | 5460 | 1560 |
| | | 250/C | 40.54 | 2027 | 2838 | 811 |
| | | 250/D | 15.1 | 755 | 1057 | 302 |
| | | 250/E | 65.3 | 3265 | 4571 | 1306 |
| | | 250/F | 65.3 | 3265 | 4571 | 1306 |
| | | 250/G | 21.3 | 1065 | 1491 | 426 |
| | | 250/H | 21.4 | 1070 | 1498 | 428 |
| | | 250/I | 21.3 | 1065 | 1491 | 426 |
| | | 250/J | 21.53 | 1077.5 | 1507 | 429.5 |
| | | 250/K | 31.8 | 1590 | 2226 | 636 |
| | | 250/L | 63.2 | 3160 | 4424 | 1264 |
| | | 250/M | 26.5 | 1325 | 1855 | 530 |
| | | 250/N | 24.45 | 1222.5 | 1711.5 | 489 |
| | | 250/O | 21.3 | 1065 | 1491 | 426 |
| | | 250/P | 22.1 | 1105 | 1547 | 442 |
| | | 250/Q | 22.1 | 1075 | 1547 | 472 |
| | | 250/R | 20.4 | 1020 | 1428 | 408 |
| | | | 659.24 | 32952 | 46173 | 13221 |
| രാമചന്ദ്രൻ പിള്ള കുരുമ്പോലിൽ (പ്രശാന്തി) | 15(വള്ളച്ചാൽ) | കെട്ടിട നം. | ആകെ തറ വിസ്തീർണ്ണം | ചുമത്തിയ നികുതി@30 | ചുമത്തേണ്ട നികുതി@70 | കുറവ് |
| | | 130 | 24.99 | 749.7 | 1249.5 | 499.8 |
| | | 131 | 20 | 600 | 1400 | 800 |
| | | 132 | 24.99 | 749.7 | 1749.3 | 999.6 |
| | | 133 | 15 | 450 | 1050 | 600 |
| | | 134 | 20 | 600 | 1400 | 800 |
| | | | | ചുമത്തിയ | | |

| | | | | | |
|---|---|---|---|---|---|
| | | | നികുതി@50 | | |
| | 134A | 79.84 | 3992 | 5588.8 | 1596.8 |
| | 134B | 48.94 | 2447 | 3425.8 | 978.8 |
| | 134D | 19.05 | 975 | 1333.5 | 358.5 |
| | | 252.81 | 10563 | 17197 | 6634 |

ടി ചട്ടങ്ങളിലെ 3-ാം ചട്ടം 5-ാം ഉപചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയും പ്രകാരം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടത്. വാണിജ്യാവശ്യകെട്ടിടങ്ങൾ ഉടമയുടെ സൌകര്യാർത്ഥം വ്യത്യസ്ത നമ്പറുകൾ നൽകി വ്യത്യസ്തകെട്ടിടങ്ങളായി നികുതി നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്ക് ചുമത്തേണ്ടതാണ്. ഇതിന് സഞ്ചയ സോഫ്റ്റ്‌വെയറിലുള്ള സൌകര്യം ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രസ്തുത കെട്ടിടങ്ങളെ റീ അസസ്സ് ചെയ്യേണ്ടതും അസസ്സ്മെന്റ് വർഷം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കേണ്ടതുമാണ്. അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. 2020-21 സാമ്പത്തിക വർഷം ഈടാക്കുന്നതിൽ ആകെ കുറവ് വന്ന വസ്തു നികുതി 19855 രൂപ (വർദ്ധനവുകൾ, ലൈബ്രറി സെസ്സ് എന്നിവ ആനുപാതികമായി പ്രത്യേകം കണക്കാക്കി) ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഉൾപ്പടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ.9/12.10.21 നൽകിയതിന് കുറവ് തുക ബന്ധപ്പെട്ട ഉടമകളിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-12 ലൈസൻസ് ഫീ ഈടാക്കുന്നതിൽ കുറവ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്ക് 31.10.2017 -ലെ G.O.(P) No.80/2017/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് പ്രകാരം 01.11.2017 പ്രാബല്യത്തിൽ പുതുക്കിയ ചട്ടം "ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ" എന്ന പേരിൽ നിലവിൽ വന്നു. ഇതനുസരിച്ച് 01.11.2017 മുതൽ നൽകുന്ന ലൈസൻസ് ഭേദഗതി ചെയ്ത ചട്ടപ്രകാരം ആയിരിക്കേണ്ടതാണ്. ആയതുപ്രകാരം വ്യാപാര/സംരംഭ/സേവന പ്രവർത്തന സ്ഥാപനങ്ങളെ അവയ്ക്കായുള്ള മൂലധന നിക്ഷേപം കണക്കിലെടുത്ത് തരംതിരിച്ച് ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളുടെ (25 ലക്ഷത്തിൽ കവിയാത്ത മൂലധനനിക്ഷേപം വരുന്ന സ്ഥാപനങ്ങളെ മൈക്രോ സംരംഭങ്ങൾ എന്ന നിലയിൽ കണക്കാക്കി 500/- രൂപയിൽ കവിയാത്ത തുക ലൈസൻസ് ഫീസ് ഈടാക്കാനാണ് നിർദ്ദേശിക്കുന്നത്. 2020-21 വർഷം 338വ്യാപാര സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വ്യാപാര ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മേൽചട്ട നിബന്ധന പ്രകാരമല്ല ലൈസൻസ് ഫീസ് ഈടാക്കിയത് എന്നു കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ ഉടമയുടെ പേര് | വാർഡ്/ കെട്ടിട നം. | കച്ചവടം/ വ്യവസായം | ഈടാക്കിയ ലൈസൻസ് ഫീ | ഈടാക്കാവുന്ന പരമാവധി ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | കെ.പി.ചന്ദ്രശേഖര പിള്ള<br>രാധാലയം, കാരാഴ്മ | 1/433 | പെട്രോൾ പമ്പ് | 500 | 5000 | 4500 |
| 2 | ശിവൻ പിള്ള<br>ലക്ഷ്മി ഭവനം, ശൂരനാട് തെക്ക്, പതാരം | 3/19A | ഹോളോബ്രിക്സ് നിർമ്മാണം | 500 | 1000 | 500 |
| 3 | ജയശ്രീ<br>ജയലക്ഷ്മിഭവനം, ശൂരനാട് തെക്ക്, പതാരം | 3/491A | ഹോളോബ്രിക്സ് നിർമ്മാണം | 500 | 1000 | 500 |
| 4 | ഗോപിക്കുട്ടൻ പിള്ള<br>തടവിളയിൽ, വള്ളികുന്നം | 3/582 | ഹോളോബ്രിക്സ് നിർമ്മാണം | 500 | 1000 | 500 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ബിന്ദു.ജെ<br>പ്രസന്നാലയം, വള്ളികുന്നം | 3/378B | ഹോളോബ്രിക്സ് നിർമ്മാണം | 500 | 1000 | 500 |
| 6 | അബൂബക്കർ<br>പന്തപ്ലാവിൽ | 4/262,262A | ഹോളോബ്രിക്സ് നിർമ്മാണം | 500 | 1000 | 500 |
| 7 | പി.പി.സനകൻ<br>പുളിക്കൽ വീട്,പഴവങ്ങാട്ട്<br>കിഴക്കമ്പലം | 5/487A,B | മെറ്റൽ ക്രഷർ യൂണിറ്റ് | 500 | 5000 | 4500 |
| 8 | പ്രസന്നൻ<br>മംഗലത്ത്,കടുവിനാൽ,<br>വള്ളികുന്നം | 7/56 | ഹോളോബ്രിക്സ് നിർമ്മാണം | 500 | 1000 | 500 |
| 9 | സുരേന്ദ്രൻ<br>തനിമ, കടുവിനാൽ | 7/105 | ഹോളോബ്രിക്സ് നിർമ്മാണം | 500 | 1000 | 500 |
| 10 | കുഞ്ഞുമോൻ<br>കാഞ്ഞിരത്തുംമൂട്ടിൽ,<br>വള്ളികുന്നം | IX/ 59 | സൂപ്പർമാർക്കറ്റ് | 500 | 1000 | 500 |
| 11 | അബ്ദുൾ സലാം<br>പാലമൂട്ടിൽ, ആദിനാട് സൌത്ത് | IX/366 | ഇഷ്ടിക നിർമ്മാണം | 500 | 1000 | 500 |
| 12 | സദാശിവൻ<br>ആഞ്ഞിലിവിളയിൽ,കടുവിനാൽ | IX/157 | ഇഷ്ടിക നിർമ്മാണം | 500 | 1000 | 500 |
| 13 | അബ്ദുൾ ഹക്കിം<br>ദാറുൾ അമാൻ, കിളികൊല്ലൂർ | | കാഷ്യൂ ഫാക്ടറി | 500 | 1000 | 500 |
| 14 | കൃഷ്ണൻ കുട്ടി<br>പുത്തൻപാരയിൽ,കടുവിനാൽ,<br>വള്ളികുന്നം | X/264A | ഇഷ്ടിക നിർമ്മാണം | 500 | 1000 | 500 |
| 15 | ഷാജഹാൻ<br>ഷഹാനമൻസിൽ, വേങ്ങറ,<br>തൊടിയൂർ | X/532 | ഇഷ്ടിക നിർമ്മാണം | 500 | 1000 | 500 |
| 16 | താഹാകുഞ്ഞ്<br>ഷാജഹാൻ മൻസിൽ<br>വേങ്ങര, തൊടിയൂർ | X/531 | ഇഷ്ടിക നിർമ്മാണം | 500 | 1000 | 500 |
| 17 | പ്രഭാകരൻ<br>വിനുഭവൻ, കിടങ്ങയം വടക്ക്,<br>പതാരം | XI/329 | ഹോളോബ്രിക്സ് നിർമ്മാണം | 500 | 1000 | 500 |
| 18 | റംലാബീവി<br>മഴപായിൽ, തെക്കേമങ്കുഴി,<br>വള്ളികുന്നം | XII/629 | ഇഷ്ടിക നിർമ്മാണം | 500 | 1000 | 500 |
| 19 | മുഹമ്മദ് ഇക്ബാൽ<br>മൂക്കശ്ശേരിൽ, തെക്കേമുറി,<br>വള്ളികുന്നം | XII/400 | ജ്യൂവലറി | 500 | 1000 | 500 |
| 20 | അനിമോൻ<br>ചിത്തിര വള്ളികുന്നം | XVII/544A | ഹോളോബ്രിക്സ് നിർമ്മാണം | 500 | 1000 | 500 |
| 21 | ലഗേഷ് കുമാർ<br>സതീഷ് ഭവനം, ഇലപ്പിക്കുളം, | I/762A | ഹോളോബ്രിക്സ് നിർമ്മാണം | 500 | 1000 | 500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വള്ളികുന്നം | | | | | | |

"1996-ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ" എന്ന പേരിൽ ഭേദഗതി ചെയ്ത ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ചുള്ള ആധികാരിക സ്ഥിരീകരണം ഉണ്ടാകുന്നില്ല. തുടർ വർഷങ്ങളിൽ ടി വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതടക്കമുള്ള ശ്രദ്ധ ഉണ്ടാകേണ്ടതും മേൽ അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 202021സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഇനം | കാലയളവ് | തുക |
|---|---|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്, വള്ളികുന്നം | സ്ഥാപന തൊഴിൽ നികുതി | 2020-21 I$^{st}$&II$^{nd}$അർദ്ധവാർഷികങ്ങൾ | 2500 |
| 3 | കെ.എസ്.ഇ.ബി. ചൂനാട് | സ്ഥാപന തൊഴിൽ നികുതി | 2020-21 I$^{st}$&II$^{nd}$അർദ്ധവാർഷികങ്ങൾ | 2500 |

ഇതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/12.10.2021ന് സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിരുന്നു. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയുടെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഇ-ടെണ്ടർ ഫീസ് - 1,14,434/-രൂപ തനതുഫണ്ട് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല

28/9/13 ലെ ജി.ഒ. (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-20,2020-21 വർഷങ്ങളിലായി ഇ -ടെണ്ടർ ചെയ്ത വർക്കുകളുടെ ടെണ്ടർ ഫീ ഇനത്തിൽ 55304/-രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലേതുൾപ്പെടെ നിലവിൽ 1,14,434/- രൂപ (59130+55304)പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതായിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.1/2020 തീയതി 05.10.20 ൽ നൽകിയപ്പോൾ അതിന്റെ സ്ഥിതിവിവരക്കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായി. ലഭിക്കാനുള്ള തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഓഡിറ്റ് ഇംപാക്ട്:- ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നൽകിയ 13,130/- രൂപ ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരികെ അടച്ചു

പ്രോജക്ട് നം.S0029/20

എം.ബുക്ക്.നം – 49/v/19-20

ബിൽ നം. 16/19-20, തീയതി 20-08-2020 തുക 681073/-

കരാറുകാരൻ- ഷുഹൈബ്.എം.എ.

മണക്കാട് – പള്ളം റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ ഫയൽ, എം-ബുക്ക് എന്നിവ പരിശോധിച്ചതിൽ, ഒറിജിനൽ എസ്റ്റിമേറ്റിൽ ഡ്രെയിൻ കൺസ്ട്രക്ഷൻ ഐറ്റം നം.2 ആയി ഉൾപ്പെടുത്തിയ "Providing Concrete For Plain/reinforced Concrete In Open Foundations Complete As Per Drawings And Technical Specifications Clause 802,803,1202&1203 I.P.C.C Grade M10 (1) Nominal Mix 1:3:6 With Out Formwork" എന്ന വർക്കിന് എം.ബുക്ക് പേജ് നം.25 പ്രകാരം 19.25$m^3$ അളവ് ചെയ്യുകയും ഇതിനായി എ$^3$ ന് 6925/- രൂപ നിരക്കിൽ പാർട്ട് ബില്ലിൽ 133306/- രൂപ (19.25$m^3$*6925) ആദ്യം അനുവദിക്കുകയും ചെയ്തു. എന്നാൽ പിന്നീട് എസ്റ്റിമേറ്റ് പുതുക്കി ഫൈനൽ പെയ്മെന്റ്

നൽകിയപ്പോൾ സ്പെസിഫിക്കേഷനിൽ വന്ന വ്യത്യാസം മൂലം എം ബുക്കിൽ പ്രസ്തുത ഐറ്റം ഡിലീറ്റ് ചെയ്ത് പകരം എക്സ്ട്രാ ഐറ്റം നം.5 ഇതേ ഐറ്റത്തിന് ($M^3$ ന് 6868.42/- രൂപ നിരക്കിൽ) 132217.085/രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തുക അനുവദിച്ചപ്പോൾ ആദ്യം അനുവദിച്ച തുക 133306/ കുറവ് ചെയ്ത് മൂല്യം തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിലും കരാറുകാരന് നൽകിയ റിസർവ്വ് ചെയ്ത ജി.എസ്.ടി 13330/രൂപ (133306*10%) കുറവ് ചെയ്തില്ല. മേൽപ്പറഞ്ഞ കാര്യങ്ങൾ ഓഡിറ്റ് അന്വേഷണം മുഖേന(നം.12, തീയതി 16-10-2021) അറിയിച്ചതിനെ തുടർന്ന് കരാറുകാരൻ 22-10-2021ലെ രസീത് നം.121030102131 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ തുക ഒടുക്കിയിട്ടുണ്ട്. കരാറുകാരനിൽ നിന്ന് ഈടാക്കിയ 13330/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-16 ഭൂഗർഭ കേബിൾ -റോഡ് കട്ടിംഗ് ചാർജ്ജ് 16,38,002/-രൂപ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വള്ളികുന്നം സബ്സ്റ്റേഷൻ മുതൽ പുത്തുരേത്ത് മുക്ക് വരെയുള്ള റോഡിന്റെ ഭാഗം ഏകദേശം 250 മീറ്റർ കട്ട് ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി ഓച്ചിറ സബ്ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനിയർ 22-11-2019 ൽ പഞ്ചായത്തിന് കത്ത് നൽകി.12-02-2020 ലെ എൽ.എസ്സ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം ആകെ 1638002/-രൂപ പഞ്ചായത്തിൽ അടക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബിയെ അറിയിച്ചു (2-03-2020ലെ എ3/6452/2020-ാം നമ്പർ കത്ത്). റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള റിസ്റ്റൊറേഷൻ ചാർജ്ജ് താഴെപ്പറയും പ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

പഞ്ചായത്ത് റോഡ് ഏരിയ (250X2)+(10X3)=530 $M^2$

റിസ്റ്റൊറേഷൻ ചാർജ്ജ്= 530X3090.57=1638002/-രൂപ

തുടർന്ന് 15-05-202020 ൽ കെ.എസ്.ഇ.ബി സംയുക്ത പരിശോധന നടത്തണമെന്ന് ആവശ്യപ്പെടുകയും 28-05-2020ൽ സംയുക്ത പരിശോധന നടത്തുകയും ചെയ്തു. എന്നാൽ നാളിതുവരെയും തുക അടച്ചിട്ടില്ല. എസ്റ്റിമേറ്റ് പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ടുള്ള കെ.എസ്.ഇ.ബി യുടെ 13-07-2021 ലെ കത്ത് മാത്രമാണ് ഫയലിലെ മേൽവിഷയം സംബന്ധിച്ച അവസാനരേഖ.

ഈ വിഷയവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തുടർന്ന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/20-21 തീയതി.16.10.21) മറുപടിലഭിച്ചിട്ടില്ല. നഷ്ടം ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ എന്ന നിലക്ക് കേസ് ചാർജ്ജ് ചെയ്യേണ്ടതാണ്. നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

## 1-17 കൃഷ്ണഗിരി- ചാങ്കൂർ റോഡ് റിസ്റ്റൊറേഷൻ ചാർജ്ജ് 6,02,661/-രൂപ കെ.എസ്.ഇ.ബി യിൽ നിന്ന് ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള കൃഷ്ണഗിരി- ചാങ്കൂർ റോഡിന്റെ പുനരുദ്ധാരണ വേളയിൽ, ചെയിനേജ്.00 മുതൽ 390 മീറ്റർ വരുന്ന ഭാഗത്ത് കെ.എസ്.ഇ.ബി കേബിൾ സ്ഥാപിക്കുന്നതിനായി 390 മീറ്റർ നീളത്തിലും 50മീറ്റർ വീതിയിലും ടാറിംഗ്, മെറ്റലിംഗ് അടക്കം പഞ്ചായത്തിന്റെ അനുമതി കൂടാതെ റോഡ് മുറിച്ചതായി കണ്ടെത്തി. തുടർന്ന് 12-06-2019 ലെ എൽ.എസ്.ജി.ഡി. എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള റിസ്റ്റൊറേഷൻ ചാർജ്ജ് താഴെപ്പറയും പ്രകാരം 6,02,661.50/-രൂപയായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

കട്ടിംഗ് ഏരിയ 390X.50=195.00$m^2$

റിസ്റ്റൊറേഷൻ ചാർജ്ജ്= 195X3090.57=6,02,661.50/-രൂപ

സെക്രട്ടറിയുടെ 13-06-2019 ലെ കത്ത് പ്രകാരം, പ്രസ്തുത തുക ഒടുക്കുന്നതിന് എ.ഇ, കെ.എസ്.ഇ.ബി ഡിവിഷൻ മണപ്പള്ളിയോട് ആവശ്യപ്പെടുകയും എന്നാൽ, റോഡിന്റെ വശത്തുകൂടി കേബിൾ ഇട്ടിരിക്കുന്നതിനാൽ ടാറിംഗ്, മെറ്റലിംഗ് ഭാഗങ്ങൾ മുറിക്കേണ്ട ആവശ്യം വന്നിട്ടില്ലായെന്നും യാഥാർത്ഥ്യം ബോധ്യപ്പെടുന്നതിലേക്ക് പഞ്ചായത്ത് മുൻകൂട്ടി നിശ്ചയിച്ച് അറിയിപ്പ് തരുന്ന പ്രകാരം ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്താൻ കെ.എസ്.ഇ.ബി മറുപടി കത്തിൽ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് 30-09-2019 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം നം.4(1) പ്രകാരം 04-11-2019 ൽ സംയുക്ത പരിശോധന നടത്തുവാൻ തീരുമാനിച്ചറിയിച്ച് കെ.എസ്.ഇ.ബിയ്ക്ക് കത്ത് നൽകിയതായും ഫയൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തുടർന്ന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/20-21 തീയതി 16.10.2021), മറുപടിയായി ജോയിന്റ് ഇൻസ്പെക്ഷന് കെ.എസ്.ഇ.ബി ഹാജരാകാത്തതിനെ തുടർന്ന് നഷ്ടം ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ എന്ന നിലക്ക് അഭിഭാഷകൻ മുഖാന്തിരം 06-8-2020 ൽ വക്കീൽ നോട്ടീസ് സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കേസ് ചാർജ്ജ് ചെയ്ത് പലിശ സഹിതം നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത്

ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

## 1-18 ബാരൽ വില തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

30-10-2007 ലെ സർക്കുലർ നം. 59827/എഫ്.എം/07. ത.സ്വ.ഭ.വ പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാമെന്നും ടാർവീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി.) 177/2006/ധനം 12-04-2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ചുവടെ ചേർക്കുന്ന വർക്കുകളുടെ ബില്ലുകളിൽനിന്നും ബാരൽ വിലയായി കരാറുകാരനിൽ നിന്നും തുക ഈടാക്കുകയും തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്തതായും കാണുന്നു.

| വർക്കിന്റെ പേര്/പ്രോജക്ട് നം. | തുക | ബിൽ നം./തീയതി |
|---|---|---|
| കോയിക്കൽക്കുറ്റി കോളനി-പുത്തൻ ചന്ത റോഡ് മെയിന്റനൻസ്(പ്രോജക്ട് നം. S0011/20) | 5058/- | ബിൽ നം.30/20-21 തീയതി.16-01-2021 |
| തെങ്ങുംതറ-തറയിൽക്കുറ്റി റോഡ് മെയിന്റനൻസ് (പ്രോജക്ട് നം.s0012/20) | 6182/- | ബിൽ നം.29/20-21 തീയതി.16-01-2021 |
| ചൂനാട് യു.പി.എസ് നെരിയാംപള്ളിൽ-കൊല്ലുത്തുമുക്ക് റോഡ് മെയിന്റനൻസ്(പ്രോജക്ട് നം.s0007/20) | 5339/ | ബിൽ നം.25/20-21 തീയതി.30-10-2020 |
| ഇലവിൻമൂട്-വള്ളികുന്നം ചിറ റോഡ് മെയിന്റനൻസ്(പ്രോജക്ട് നം. S0014/20) | 5339/- | ബിൽ നം.3/20-21 തീയതി. 16-04-2020 |
| ആകെ | 21918 | |

ബാരൽ വിലയായി കരാറുകാരന്റെ ബില്ലിൽ നിന്നും കുറവ് വരുത്തി തനതു ഫണ്ടിൽ അടച്ച തുക വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിൽ തിരിച്ചടക്കേണ്ടതാണ്.

## 1-19 നിക്ഷേപ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

2020-21 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന നിക്ഷേപ പ്രവർത്തികൾക്കായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നിക്ഷേപിച്ചിട്ടുണ്ട്

1. പ്രോജക്ട് നം. /പേര് /S0041/സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ

അടങ്കൽ - 515000( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് - 511650

ബിൽ നം. 27/20-21/09.11.20/154700

ബിൽ നം. 26/20-21/09.11.20/356950

വാർഡ് 15ലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പ്രവർത്തികൾക്കായി മണപ്പള്ളി ഇലക്ട്രിക്കൽ സെക്ഷനിൽ 154700/- രൂപയും മറ്റു വാർഡുകളിലേക്കായി 356950/- രൂപയുമായി ആകെ 511650/- രൂപ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ എന്ന പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പടുത്തിയുള്ള കരാർ വയ്ക്കാതെ കെ.എസ്.ഇ.ബി യിൽ നിന്നുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക നിക്ഷേപിച്ചിട്ടുള്ളത്.

2.പ്രോജക്ട് നം. /പേര് . /96/പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ

അടങ്കൽ - 3136720(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

163280 (തനതു ഫണ്ട്)

ചെലവ് - 3136720 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

143280 (തനതു ഫണ്ട്)

ബിൽ നം . 13/20-21/13.10.20/ 3136720

ചെക്ക് നം. 565945/ 13.10.20/ 143280

ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലും വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവർത്തികൾ നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി മാവേലിക്കര ഡിവിഷനിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള മുദ്ര പത്രത്തിൽ ഗ്രാമ പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ഏർപ്പെടേണ്ട കരാറിന്റെ കരട് എഴുതി ചേർത്തിട്ടുണ്ടെങ്കിലും ഇരു കൂട്ടരും ഇതിൽ ഒപ്പു വച്ചിട്ടില്ല.

മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നം 17/20-21/18.10.21 നല്കിയതിന് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്ന് മറുപടി നല്കി.

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്ന എന്ന് ഉറപ്പ് വരുത്തുന്നതിന് നിർവ്വഹണ ഏജൻസിയുമായി വ്യക്തമായ കരാറിൽ ഏർപ്പെടേണ്ടതാണ്. പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കാത്തതിന് വിധേയമായി ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-20 പൊതു വഴി കൈയ്യേറി മതിൽ നിർമ്മാണം

വള്ളികുന്നം വില്ലേജിൽ ബ്ലോക്ക് 16ൽ റീസർവ്വേ 218/12ൽ പെട്ട പുറമ്പോക്ക് വഴി സമീപ വാസികളായ മലമേൽ വടക്കതിൽ ഗോപിനാഥ പിള്ള, പൗർണ്ണമിയിൽ ദിവ്യ.എസ്.പിള്ള, പുത്തൻ പുരയിൽ ഗോപാല കൃഷ്ണൻ നായർ, മണിപദം വീട്ടിൽ ചന്ദ്രമതിയമ്മ, മലമേൽ വീട്ടിൽ വിജയൻ നായർ, മുളയ്ക്കൽ വടക്കതിൽ ഗീതാ കുമാരി എന്നിവർ അനധികൃതമായി കൈയ്യേറിയതായും മതിൽ നിർമ്മാണം നടന്നിട്ടുള്ളതായും ശ്രീ.സോമരാജൻ പിള്ള, മലമേൽ വടക്കതിൽ, കട്ടവിനാൽ, വള്ളികുന്നം എന്ന വ്യക്തി 17.03.2017 ൽ പഞ്ചായത്തിൽ പരാതി നല്കിയിരുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (കൈയ്യേറ്റം നീക്കം ചെയ്യലും, അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ പ്രകാരം കൈയ്യേറ്റം നടത്തിയ വ്യക്തികൾക്ക് അത് ഒഴിയുന്നതിന് 17.06.19ൽ ഉത്തരവ് നല്കിയിരുന്നു. മണിപദം വീട്ടിൽ ചന്ദ്രമതിയമ്മ എന്നയാൾ ഒഴികെ മറ്റുള്ളവർ കൈയ്യേറ്റം ഒഴിയുന്നതിന് രേഖാമൂലം സന്നദ്ധത അറിയിച്ചിട്ടുണ്ട് (ഇത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്). ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 04.02.2020ലെ 10-ം നമ്പർ തീരുമാന പ്രകാരം ഒഴിപ്പിക്കൽ നടപടി തുടരുന്നതിലേക്കായി ഭരണ സമിതി തീരുമാനം എടുക്കുകയും 14.02.2020 ൽ ശ്രീമതി.ചന്ദ്രമതിയമ്മയ്ക്ക് അറിയിപ്പ് നല്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടി. യാൾ പഞ്ചായത്തിനെതിരെ ബഹു.കായംകുളം മുൻസിഫ് കോടതി മുൻപാകെ OS.No.126/2020 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും അധീനതയിലുമുള്ള പൊതു വഴിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നിയമാനസൃത നടപടികൾ തുടരേണ്ടതും കേസ് തീർപ്പാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയിട്ടില്ല

നിരാലംബരും നിർധനരുമായ കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അഗതിരഹിതകേരളം പദ്ധതി. സംസ്ഥാന സർക്കാർ കുടുംബശ്രീയുമായി സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് അഗതിരഹിത കേരളം പദ്ധതി നടപ്പാക്കുന്നത്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളതും തുടർന്നും സേവനത്തിന് അർഹരായ ഗുണഭോക്താക്കളെയും കണ്ടെത്തി ഏകീകൃത പദ്ധതി എന്ന നിലയിലാണ് അഗതി രഹിത കേരളം പദ്ധതി ആരംഭിച്ചിട്ടുള്ളത്. അടിസ്ഥാന ആവശ്യങ്ങളായ ഭൂമി, വീട്, കുടിവെള്ളം, ശുചിത്വ സംവിധാനങ്ങൾ എന്നിവക്ക് വികസനഫണ്ട് പ്രയോജനപ്പെടുത്തി അനിവാര്യ പ്രോജക്ടുകൾ നടപ്പാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020, 2020-21 വർഷങ്ങളിലെ ചെലവ് പത്രിക പരിശോധിച്ചതിൽ അഗതി രഹിത പദ്ധതിക്കായി ഭവന പുനരുദ്ധാരണ പ്രോജക്ടുകൾ യഥാക്രമം 500000 രൂപ, 320000 രൂപ എന്നിങ്ങനെ തുകകൾ വകയിരുത്തിയെങ്കിലും തൻവർഷങ്ങളിൽ പദ്ധതികൾ നടപ്പാക്കിയില്ല. വികസനഫണ്ടിൽ നിന്നും നിർബന്ധമായും വിഹിതം നീക്കിവയ്ക്കേണ്ട ഇനമായിട്ടും ടി പദ്ധതി നടപ്പാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം 25/22-10-21) മറുപടിയായി ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തിയതിൽ ബഹുഭൂരിപക്ഷം ഗുണഭോക്താക്കളും സ്വന്തം പേരിൽ വീടില്ലാത്തവരാണെന്നും സർവേ നടത്തി ലിസ്റ്റ് തയ്യാറാക്കിയപ്പോൾ വളരെ കുറച്ച് പേർ മാത്രമാണ് ലിസ്റ്റിലുൾപ്പെട്ടതെന്നും അറിയിച്ചിട്ടുണ്ട്. അനർഹരെ ഒഴിവാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ സർവേ നടത്തുന്നത് വൈകിയതിനാൽ പദ്ധതി പ്രവർത്തനവും വൈകി. തുടർന്ന് ലിസ്റ്റ് തയ്യാറാക്കി കമ്മിറ്റി അംഗീകരിച്ച് ഗുണഭോക്താക്കൾക്ക് അറിയിപ്പ് നല്കിയപ്പോൾ ഭവന പുനരുദ്ധാരണം നടത്തുന്നതിന് താല്പര്യമില്ലെന്നും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് ലഭിക്കുന്നതിനാണ് താല്പര്യമെന്നും ഗുണഭോക്താക്കൾ അറിയിച്ചതായും മറുപടി ലഭ്യമാക്കി. എന്നാൽ ഇതിനെ സാധൂകരിക്കുന്ന രേഖകൾ മറുപടിയോടൊപ്പം ലഭ്യമാക്കിയില്ല. 2021-22 സാമ്പത്തിക വർഷം ആകെയുള്ള ഗുണഭോക്താക്കളിൽ നിന്നും അർഹരെ കണ്ടെത്തി പദ്ധതി നടപ്പാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർവെ ലിസ്റ്റ് പ്രകാരം,അഗതികുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യവികസനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 100 തെരുവു വിളക്കുകളുടെ മീറ്ററിംഗ് പൂർത്തീകരിച്ചു

2017-18 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവ് വിളക്കുകളുടെ മീറ്ററിംഗിനായി (പ്രോജക്ട് നം. S0168/18 സ്ട്രീറ്റ് ലൈറ്റ് മീറ്റർ) 1097727/- രൂപ ബിൽ നമ്പർ 26344/30.03.18, 19/18.03.18 എന്നിവ പ്രകാരം കെ.എസ്.ഇ.ബി യിൽ അടച്ചിരുന്നു. ഇത് സംബന്ധിച്ച പരാമർശം 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു.

പദ്ധതിയുടെ പുരോഗതിയും നിലവിലെ അവസ്ഥയും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.4/19-20 /08.10.21 ന് 100തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് പൂർത്തീകരിച്ച് കെ.എസ്.ഇ.ബി.യുമായി 20.04.2021ൽ സർവ്വീസ് കണക്ഷൻ എഗ്രിമെന്റിൽ പഞ്ചായത്ത് ഏർപ്പെട്ടിട്ടുണ്ട് എന്ന് മറുപടി നല്കി. കെ.എസ്.ഇ.ബി.യിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവയും മറുപടിയോടൊപ്പം ലഭ്യമാക്കി.

തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജിൽ മീറ്ററിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ക്രമീകരണങ്ങൾ വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 പ്രവർത്തനം നിലച്ച ജനറേറ്റർ പ്രവർത്തനക്ഷമമാക്കി

പ്രോജക്ട് നം. /പേര് - S0081/21/ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ

അടങ്കൽ - 800000 (തനതു ഫണ്ട്)

ചെലവ് - 393375 (2020-21ൽ)

ചെക്ക് നം.565994/30.03.21

2020-21 ൽ സെക്രട്ടറി നടപ്പാക്കിയ ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ എന്ന പദ്ധതി പ്രകാരം സുബ്രഹ്മണ്യ ഏജൻസീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 30KVA Ashok Leyland ഡീസൽ ജനറേറ്റർ വാങ്ങിയിട്ടുണ്ട്. സ്ഥാപനവുമായുള്ള കരാർ പ്രകാരം ജനറേറ്റർ സപ്ലൈ ചെയ്യുമ്പോൾ ആകെ ബിൽ തുകയുടെ 50%, കമ്മീഷനിംഗ് നടത്തുമ്പോൾ തുകയുടെ 30%, ബാക്കി 20% KSEI ൽ നിന്നുള്ള സാങ്ഷൻ ലഭിക്കുമ്പോഴും കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2020-21 ൽ ഇൻവോയിസ് നം. 374/24.03.21 പ്രകാരമുള്ള ആകെ തുകയായ 786750/- രൂപയുടെ 50% ആയ 393375/- രൂപയും 2021-22 ൽ സ്പിൽ ഓവറായി നടപ്പാക്കിയ SO 116/21 നമ്പർ പദ്ധതി പ്രകാരം പ്രോജക്ട് തുകയിൽ ബാക്കി നിൽക്കുന്ന 406625/-രൂപയിൽ നിന്നും 236025/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

28.06.2021 ൽ കമ്മീഷൻ ചെയ്ത ഡീസൽ ജനറേറ്റർ നിലവിൽ പ്രവർത്തനക്ഷമമല്ല എന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ, കരാർ പ്രകാരം ഒരു വർഷം പെർഫോമൻസ് ഗ്യാരന്റി ഉറപ്പ് വരുത്തിയിട്ടുള്ള ഡീസൽ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിലെ തടസ്സം എന്തെന്നും പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച പരിഹാര നടപടികളും വ്യക്തമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 19/20-21/18.10.21 ന് ജനറേറ്റർ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെന്നും എന്നാൽ 28.09.21ലെ മഴ കാരണം ഉണ്ടായ വൈദ്യുതി തകരാറിൽ ജനറേറ്ററിന്റെ ELCB തകരാറിൽ ആയതു മൂലമാണ് പ്രവർത്തിക്കാഞ്ഞതെന്നും മറുപടി നല്കി. ഓഡിറ്റ് അന്വേഷണം നല്കിയതിനെ തുടർന്ന് 22.10.2021 ൽ സർവ്വീസ് പ്രൊവൈഡർ മുഖേന തന്നെ ജനറേറ്ററിന്റെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കി. അടിയന്തിര സാഹചര്യങ്ങളിൽ ഉപയോഗപ്രദമാകേണ്ട ജനറേറ്റർ കൃത്യമായി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഗ്രാമ പഞ്ചായത്തിലെ കരാർ ജീവനക്കാരുടെ സേവനപുസ്തകം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ കരാടിസ്ഥാനത്തിൽ നിലവിൽ അഞ്ച് (5) ജീവനക്കാർ ജോലി ചെയ്തുവരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി ഒരു എൻജിനീയറും, ഒരു ഓവർസിയറും, രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും, ടെക്നിക്കൽ അസിസ്റ്റന്റ് പ്രവർത്തികൾക്ക് ഒരു ജീവനക്കാരനും എന്ന നിലയ്ക്കാണ് സ്ഥാപനം ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഓരോ വർഷവും പ്രസ്തുത ജീവനക്കാരുടെ കരാർ ദീർഘിപ്പിച്ച് നൽകികൊണ്ട് സർക്കാർ ഉത്തരവ് ഇറക്കുന്നതിനാൽ ദീർഘകാലടിസ്ഥാനത്തിൽ എറെക്കുറെ ജീവനക്കാർ തുടർന്നുപോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക | ജോലിയിൽ പ്രവേശിച്ച തീയതിയും വർഷവും | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പൊന്നാരി.കെ.വി. | അക്കൗണ്ടന്റ്/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 01.04.2008 | സേവനപുസ്തകം തയ്യാറാക്കിയിട്ടില്ല |
| 2 | രജിത | ഓവർസിയർ | 13.07.2011 | സേവനപുസ്തകം തയ്യാറാക്കിയിട്ടില്ല |
| 3 | അരുൺ | ടെക്നിക്കൽ അസിസ്റ്റന്റ് | 01.07.2016 | സേവനപുസ്തകം തയ്യാറാക്കിയിട്ടില്ല |
| 4 | അമ്മു.എസ് | അക്രഡിറ്റഡ് എൻജിനീയർ | 14.08.2017 | സേവനപുസ്തകം തയ്യാറാക്കിയിട്ടില്ല |
| 5 | മീനാക്ഷി | അക്കൗണ്ടന്റ്/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 18.03.2020 | സേവനപുസ്തകം തയ്യാറാക്കിയിട്ടില്ല |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കരാർ ജീവനക്കാരുടെ നിയമനം ഓരോ വർഷവും ദീർഘിപ്പിച്ച് നൽകുന്നതിനാൽ കെ.എസ്.ആർ. ഭാഗം-1 അനുബന്ധം-8 ചട്ടം-1 ൽ പറയുന്ന പ്രകാരം അവധി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട് എന്ന് വിശദമാക്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (ഐ.ബി-1/344/2016 തീയതി 05.01.2018) ഉത്തരവ് പ്രകാരം 15 ദിവസത്തെ ഡ്യൂട്ടിയ്ക്ക് 1 ആർജ്ജിതാവധി എന്ന നിലയിൽ ഒരു വർഷം പരമാവധി 15 അവധി എന്ന പരിധിയ്ക്ക് വിധേയമായി ആർജ്ജിതാവധിക്ക് അർഹതയുണ്ടെന്നും ഇത്തരത്തിൽ ആർജ്ജിച്ച അവധി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് കുറച്ച് ബാക്കി ഒരു ധനകാര്യവർഷം 30 ൽ കവിയാതെ ആർജ്ജിതാവധി സറണ്ടർ ചെയ്യാവുന്നതും ആണെന്ന് പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്.

ആർജ്ജിതാവധിയുൾപ്പടെയുള്ള ഇനത്തിലുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതിനാൽ സേവനപുസ്തകം കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ നിരവധി വർഷക്കാലമായി ജോലിചെയ്ത് വരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി ജീവനക്കാരും, ടെക്നിക്കൽ അസിസ്റ്റന്റും ഉൾപ്പടെയുള്ളവരുടെ സേവനപുസ്തകം നാളിതുവരെ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ലീവ് അക്കൌണ്ട് ക്രമപ്പെടുത്താതെ തന്നെ 2020-21 സാമ്പത്തികവർഷവും ആർജ്ജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്.

കരാർ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ അടിയന്തിരമായി തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ലൈസൻസ് ഇല്ലാത്തവർക്ക് സൈഡ് വീൽ സ്കൂട്ടർ വിതരണം ചെയ്തിരിക്കുന്നു - ചെലവ് തുക താൽക്കാലികമായി തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. So 85/21

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ സ്കൂട്ടർ

ട്രഷറി ബിൽ നം. 01/20-21/20.04.20 പ്രകാരം 480000 രൂപ ചെലവഴിച്ച് 06 സ്കൂട്ടറും 06 സൈഡ് വീൽ അറ്റാച്ച്മെന്റും കെൽട്രോണിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ലേണേഴ്സ് ലൈസൻസ് മാത്രമുള്ളവർക്കും സ്കൂട്ടർ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

1) ശശിധരൻ, സുധി നിലയം, വാർഡ് -15

2) വിനോദ്.സി.ആർ, ചെറിയിലേത്ത് വടക്കതിൽ വാർഡ് -04

3) ശങ്കരൻകുട്ടി നായർ.ജി, വാർഡ് -04

4) അസീസ് കുട്ടി, വൈക്കത്ത് തെക്കതിൽ, വാർഡ് - 15

ക്രമ നം. 2 ആയി സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താവിന്റെ വാഹനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.21/21.10.21) വി.ഇ.ഒ. ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സാഹചര്യം മൂലം മേൽ ഗുണഭോക്താക്കൾക്ക് ലൈസൻസ് എടുക്കാൻ സാധിച്ചിട്ടില്ലെന്നും ലൈസൻസ് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനോദ്.സി.ആർ. എന്ന ഗുണഭോക്താവിന്റെ രജിസ്ട്രേഷൻ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന രേഖകളുടെ അഭാവത്തിൽ ചെലവ് തുക 4,80,000 രൂപ തടസ്സപ്പെടുത്തുന്നു. മേൽ ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിച്ചത് സംബന്ധിച്ച വിശദാംശവും വിനോദ്.സി.ആർ. എന്ന ഗുണഭോക്താവിന്റെ വാഹന രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശവും ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 മെറ്റീരിയൽ വർക്കുകളിൽ നിന്ന് ജി.എസ്സ്.ടി ഈടാക്കുന്നില്ല

ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ നിന്ന് 2% തുക ജി.എസ്സ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.കൂടാതെ 30-07-2019 ലെ സർക്കുലർ നം957/ഇ.ജി.എസ്സ്.-സി/16/ആർ.ഇ.ജി.എസ്സ് പ്രകാരം അന്തിമ ബിൽ അനുസരിച്ചുള്ള ജി.എസ്.ടി തുക സപ്ലെയർ ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന തുക സെക്രട്ടറി യഥാസമയം ജി.എസ്.ടി വകുപ്പിൽ അടക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2020-21 വർഷം, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ താഴെപ്പറയുന്ന മെറ്റീരിയൽ വർക്കുകളിൽ സാധന സാമഗ്രികൾ സപ്ളൈ ചെയ്യുന്ന കരാറുകാരിൽ നിന്നും 2% ജി.എസ്സ്.ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടില്ല. കരാറുകാരൻ ജി.എസ്.ടി വകുപ്പിൽ തുക അടച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർക്കിന്റെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽ കോസ്റ്റ് | ജി.എസ്.ടി |
|---|---|---|---|
| മുണ്ടുതറയിൽ മുതൽ മാമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ് | സുനിൽ ചന്ദ്രൻ | 409616 | 8192 |
| ചമയം ജംഗ്ഷൻ- വഞ്ചിത്തറ ഭാഗം വരെ റോഡ് കോൺക്രീറ്റിംഗ് | പ്രകാശൻ സി | 394345 | 7887 |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(ഓഡിറ്റ് എൻക്വയറി നമ്പർ.26/22.10.21) മറുപടിയിൽ കരാറുകാരെ ഈ വിവരം അറിയിച്ചിട്ടുണ്ടെന്നും ജി.എസ്.ടി വകുപ്പിൽ തുക അടച്ചതിന്റെ രേഖകൾ ലഭ്യമാക്കാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.കരാറുകാരിൽ നിന്നും രേഖകൾ ലഭ്യമാകാത്തപക്ഷം തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും മേൽ സർക്കുലർ പ്രകാരം സാധന സാമഗ്രികൾ സപ്ളൈ ചെയ്യുന്ന കരാറുകാരിൽ നിന്നും 2% ജി.എസ്സ്.ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-27 പൗരാവകാശരേഖ കാലികമാക്കി പ്രസിദ്ധീകരിച്ചു

2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിൽ - പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് ഭരണ സമിതി രൂപീകരിക്കപ്പെട്ടാൽ കഴിയുന്നതും നേരത്തെ, എന്നാൽ ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ ഒരു പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ വ്യസ്ഥയ്ക്കും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 272 (എ) ന് വിധേയമായും വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ 2020 ഡിസംബറിൽ അധികാരമേറ്റ ഭരണ സമിതി പൗരാവകാശരേഖ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06.05.2021 ലെ മൂന്നാം നമ്പർ അജണ്ടയായി പരിഗണിച്ച 2021-22ലെ കരട് പൗരാവകാശ രേഖയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 29.07.2021 ൽ പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തി.

## 1-28 GEM വഴി സാധനങ്ങൾ വാങ്ങുന്നില്ല

വിവിധ നിർവഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾ പ്രകാരം 2020-21 വർഷത്തിൽ ധാരാളം വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ GEM വഴി സാധനങ്ങൾ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല. ജി.ഒ(പി)നം. 07/19/SDP/26-04-19 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെ വാങ്ങലുകൾക്ക് GEM നിർബന്ധമാക്കിയിട്ടുണ്ട്. ആഹാര പദാർത്ഥങ്ങൾ, ലബോറട്ടറി മെഡിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ എന്നിവ GEM മുഖേന വാങ്ങുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് സ്റ്റേഷനറി വകുപ്പ്, ഫയർ ആന്റ് റെസ്ക്യൂ സർവീസസ്, കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി മുതലായ സ്ഥാപനങ്ങളെയും ഒഴിവാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ അപാകത ഒഴിവാക്കേണ്ടതാണ്.

## 1-29 വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല

പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. (പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 11/2018 /ത.സ്വ.ഭ.വ./29-01-2018) മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി

യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നല്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി മറ്റൊരുദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഈ അപാകതകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ചെലവു രേഖകൾ സൂക്ഷിക്കുന്നതിൽ അലംഭാവം

വള്ളികുന്നം ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 ൽ 5 പ്രോജക്ടുകളും 2020-21ൽ 8 പ്രോജക്ടുകളും നടപ്പാക്കിയിരുന്നു. ഈ പ്രോജക്ടുകളുടെ എല്ലാം രേഖകൾ വളരെ അലക്ഷ്യമായാണ് സൂക്ഷിച്ചിട്ടുള്ളത്. ഓരോ പ്രോജക്ട് ഫയലിന്റെയും കൂടെ അതിൽ ഉൾപ്പെടുന്ന രേഖകൾ സൂക്ഷിക്കുന്നതിലും വിതരണ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ പരിപാലനത്തിലും വീഴ്ച വന്നിട്ടുണ്ട്. രേഖകൾ കൃത്യമായി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-31 വാഹനങ്ങളുടെ ഉപയോഗം-ക്രമപ്രകാരമല്ല

ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹന പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് കാണുന്നു. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതും ഇന്ധനം നിറച്ച തീയതി ഹാജരായിരുന്ന ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്ക് പൂർണ്ണമായും നിറച്ചതിന് ശേഷം വാഹനം ഓടിയ ദൂരവും വീണ്ടും നിറയ്ക്കുന്നതിനുള്ള അളവും കണക്കിലെടുത്ത് ഒരു കിലോമീറ്ററിനുള്ള ഇന്ധന ഉപഭോഗത്തിന്റെ അളവ് കണക്കാക്കേണ്ടതും കാര്യമായ വ്യതിയാനം കാണുന്ന പക്ഷം വാഹനത്തിന്റെ കേട്പാട് തീർക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗത്തെ സംബന്ധിക്കുന്ന സർക്കാർ ഉത്തരവ് നമ്പർ (എം.എസ്)170/07 തസ്വഭവ. തീയതി 30.06.2007 പ്രകാരം പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നടത്തിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്കിൽ ഇന്ധനക്ഷമത പരിശോധിച്ച് ഉറപ്പാക്കിയ സാക്ഷ്യപത്രം സൂക്ഷിക്കാത്തതിനാൽ ഇന്ധനക്ഷമതയിൽ വ്യതിയാനം ഉണ്ടോ എന്നത് സംബന്ധിച്ച കൃത്യമായ പരിശോധന സാധ്യമല്ലാതെ വരുന്നു. അധികൃതർ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധന അവസാനമായി നടത്തിയത് 03.07.2019 ലാണ്. തുടർന്ന് പരിശോധന നടത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം ഹരിതകർമ്മസേനയിലൂടെ

പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചു. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി, ഹരിത കർമ്മസേന കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങൾ എന്ന പേരിൽ 2018-19 വർഷം ആരംഭിച്ച ഈ പദ്ധതിക്ക്, തൻവർഷം യൂസർ ഫീ പിരിവിനുള്ള രസീതുബുക്കുകൾ പ്രിന്റ് ചെയ്യുന്നതൊഴികെ യാതൊരു ചെലവും വന്നിട്ടില്ല. എന്നാൽ നിലവിൽ ഇത് ഗ്രാമപഞ്ചായത്തിന്റെ അഭിമാന പദ്ധതിയായി പ്രവർത്തനങ്ങൾപുരോഗമിച്ചുവരുന്നു.2019 ജൂലൈ മാസം ഹരിത സഹായസ്ഥാപനമായ ഐ.ആർ.ടി.സി യുമായി കരാർ വെച്ച് ഒക്ടോബറോടുകൂടി കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്.പ്ലാസ്റ്റിക് മാലിന്യങ്ങൾ പഞ്ചായത്തിലെ 18 വാർഡുകളിൽ നിന്നും ശേഖരിച്ച് തരംതിരിച്ച് ക്ലീൻ കേരളയ്ക്ക് കയറ്റി അയക്കുന്നു. മാലിന്യ സംസ്കരണം, വരുമാന വർദ്ധനവ്, കർമ്മസേനാംഗങ്ങൾക്കിടയിലെ സാമ്പത്തിക സ്ഥിരത എന്നിവ ഉറപ്പുവരുത്തിക്കൊണ്ടുള്ള പദ്ധതി പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.വാർഡുകൾ രണ്ട് സോണുകളാക്കിയാണ് ഹരിതകർമ്മസേന കളക്ഷൻ നടത്തുന്നത്.വാതിൽപ്പടി പ്ലാസ്റ്റിക്ക് ശേഖരണത്തിനായി നിലവിൽ 29 ഹരിത കർമ്മസേനാംഗങ്ങൾ ജോലി ചെയ്യുന്നു. പഞ്ചായത്തിന് ഇതുവരെ ലഭിച്ച യൂസർഫീ വിവരങ്ങൾ താഴെ ചേർക്കുന്നു.

| മാസം | കളക്ഷൻ നടന്ന വാർഡുകളുടെ എണ്ണം | യൂസർഫീ |
|---|---|---|
| ഒക്ടോബർ- നവംബർ 2020 | 18 | 1,01,965 |
| ഡിസംബർ | 18 | 1,04,660 |

| | | |
|---|---|---|
| ജനവരി | 18 | 1,12,275 |
| മാർച്ച് | 18 | 1,59,100 |
| ഏപ്രിൽ | 15 | 1,28,570 |
| മെയ് | 8 | 64,410 |
| ജൂൺ-ജൂലൈ | 18 | 1,73,355 |
| ആഗസ്റ്റ് | 18 | 2,13,130 |
| ആകെ | | 10,57,465 |

കയറ്റി അയച്ച പ്ലാസ്റ്റിക്കിന്റെ വിവരങ്ങൾ

ഒക്ടോബർ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിലായി 15,225.833kg പ്ലാസ്റ്റിക്ക് ക്ലീൻ കേരള മിഷന് കയറ്റി അയച്ച ഇനത്തിൽ കൺസോർഷ്യം അക്കൌണ്ടിൽ 99489/- രൂപ ലഭിച്ചിട്ടുണ്ട്.എല്ലാ മാസവും കൃത്യമായി കലണ്ടർ പ്രകാരം മാലിന്യ ശേഖരണം നടത്തുന്നു. ഇതിന്റെ പ്രതിഫലനമെന്നോണം പ്രതിമാസം യൂസർഫീ ഇനത്തിൽ വർദ്ധനവുണ്ടാകുന്നുണ്ട്.കൂടാതെ 2000 മുതൽ 2300 Kg വരെ പ്ലാസ്റ്റിക്കുകൾ ഓരോ കളക്ഷനുകളിലും ശേഖരിക്കുന്നതുവഴി റോഡിലേക്കും പുഴയിലേക്കും വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളാണ് കർമ്മസേനയിലൂടെ ശേഖരിക്കപ്പെടുന്നത്. മെറ്റീരിയൽ കളക്ഷൻ സെന്റർ പഞ്ചായത്ത് പരിധിയിൽ നിർമ്മിച്ച് മാലിന്യങ്ങൾ തരംതിരിക്കുന്നതിനുള്ള സൌകര്യവും ആയിക്കഴിഞ്ഞു. താഴെപ്പറയുന്ന ചുരുക്കം പോരായ്മകൾ കൂടി പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1.ജി.ഒ.പി. നം 1496/2020 പ്രകാരം ഹരിതകർമ്മസേനാംഗങ്ങൾക്കുള്ള പരാതിയും പ്രവർത്തനങ്ങൾക്കിടയിലുള്ള ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനും ഒരു പരാതിപരിഹാര സമിതി രൂപീകരിച്ചിട്ടില്ല.

2. മെറ്റീരിയൽ കളക്ഷൻ സെന്ററിൽ കെട്ടികിടക്കുന്ന മൾട്ടി ലെയർ പ്ലാസ്റ്റിക്ക്, മരുന്ന് സ്ട്രിപ്പുകൾ എന്നിവ ഒഴിവാക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് അടിയന്തിര നടപടികൾ സ്വീകരിക്കണം.വേർതിരിക്കൽ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടക്കുന്നതിന് ഇത് സഹായകമാകും.മേൽപ്പറഞ്ഞകാര്യങ്ങൾക്കുപരിയായി, ഹരിത ജീവിതശൈലി സംബന്ധിച്ച ഒരു അവബോധം പൊതുജനങ്ങളിലെത്തിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-33 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-അവലോകനം

2020 വർഷം ലോകമാകെ പടർന്നു പിടിച്ച കോവിഡ് 19 ന്റെ രൂക്ഷ ഫലങ്ങൾ ഏറെ ബാധിച്ച പ്രദേശമാണ് വള്ളികുന്നം ഗ്രാമ പഞ്ചായത്ത്. പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്ത വ്യക്തമായ പദ്ധതി പ്രവർത്തനങ്ങളിലൂടെ കോവിഡിനെതിരെ പ്രതിരോധം തീർക്കുവാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ രൂപീകരിച്ചു.കൂടാതെ കോവിഡ് രോഗികൾ, പോസിറ്റീവായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ, ക്വാറന്റൈനിൽ കഴിയുന്നവർ എന്നിവരെ സഹായിക്കുന്നതിനായി ഹെൽപ്പ് ഡെസ്ക്, കൗൺസിലിംഗ് സെന്റർ എന്നിവയും രൂപീകരിച്ചു.

ജാഗ്രതാ സമിതി

പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അതിന്റെ യോഗം കൃത്യമായി കൂടുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം 18 വാർഡുകളിലും ജാഗ്രതാ സമിതി രൂപീകരിച്ച് വാർഡു മെമ്പർമാരും, അധ്യാപകരും, വാർഡു തലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വോളന്റിയേഴ്സിന്റെയും, ആർ.ആർ.ടി മാരുടെയും സഹകരണത്തോടെ വാർഡു തലത്തിൽ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സി.എഫ്.എൽ.ടി സി/ഡി.സി.സി

ഗ്രാമ പഞ്ചായത്തിൽ ഫസ്റ്റ് ലൈൻ ട്രീറ്റ് മെന്റ് സെന്ററായി ചൂനാട് ഒന്നാം വാർഡിലെ ഹിബാസ് കൺവെൻഷൻ സെന്റർ പ്രതിമാസ വാടകയ്ക്ക് എടുത്ത് 14.10.2020 മുതൽ 05.02.2021 വരെ 115 കോവിഡ് രോഗികളെ ഇവിടെ പ്രവേശിപ്പിച്ചിരുന്നു. പിന്നീട് ഇത് നിർത്തലാക്കുകയും കോവിഡ് പോസിറ്റീവായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയാൻ സാധിക്കാത്തവരെ പാർപ്പിക്കുന്നതിനായി അമൃത ഹയർസെക്കന്ററി സ്കൂളിൽ 20.05.2021 മുതൽ ഡി.സി.സി പ്രവർത്തിച്ചുവരുന്നു.

കമ്മ്യൂണിറ്റി കിച്ചൻ/ജനകീയ ഹോട്ടൽ/ആംബുലൻസ്

സി.എഫ്.എൽ.ടി.സി. യിലും, വീടുകളിലും കോവിഡ് നിരീക്ഷണത്തിൽ കഴിഞ്ഞവർക്ക് ജനകീയ ഹോട്ടലിൽ നിന്നും ഭക്ഷണം എത്തിച്ചു നല്കിയിരുന്നു. കോവിഡ് രോഗികളെ എത്തിക്കുന്നതിനായി ആംബുലൻസിന്റെ സേവനവും ഉപയോഗപ്പെടുത്തിയിരുന്നു.

ടെലിമെഡിസിൻ

03.04.2020ലെ 730/2020.ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയോജനങ്ങൾ, സാന്ത്വന ചികിത്സയിലുള്ളവർ,

ഹൃദയ/ശ്വാസ കോശ സംബന്ധമായ രോഗമുള്ളവർ, രോഗപ്രതിരോധ ശേഷി കുറഞ്ഞവർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, ഗർഭിണികൾ എന്നിവരുടെ വിവരം ഐ.സി.ഡി.എസ് സൂപ്പർവൈസർ മുഖേന ശേഖരിച്ച് അവർക്കായി ടെലിമെഡിസിൻ സംവിധാനം ഏർപ്പെടുത്തി.

കോവിഡ് പ്രതിരോധത്തിനായുള്ള പ്രോജക്ടുകൾ

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21ൽ പ്രോജക്ട് നം. 121/21-കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പേരിൽ തനതു ഫണ്ടിൽ നിന്നും 300000/- അടങ്കലും, ചെലവുമായി പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020- 21 ൽ പ്രോജക്ട് നം. 170/21-കോവിഡ്-19 മരുന്നു വാങ്ങൽ എന്ന പേരിൽ തനതു ഫണ്ടിൽ നിന്നും 500000/- അടങ്കലും, 498637/-ചെലവുമായി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കോവിഡ് രോഗികൾക്കും ജീവിത ശൈലീ രോഗങ്ങൾ ഉള്ളവർക്കും മരുന്ന് ലഭ്യമാക്കി.

## 1-34 പട്ടികജാതി ഉപപദ്ധതി - അവലോകനം

പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കലാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികജാതി വിഭാഗക്കാരുടെ പൊതു സൗകര്യ വികസനത്തിനുള്ള പ്രോജക്ടുകളും ഈ ഗണത്തിൽ തയ്യാറാക്കാവുന്നതാണ്. വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത, ജലസേചനം എന്നീ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ആകെ ഗുണഭോക്തൃ കുടുംബങ്ങൾ 50% ൽ അധികം പട്ടികജാതിക്കാരാണെങ്കിൽ ആ പ്രോജക്ടിന് പൂർണമായും പട്ടികജാതി ഉപ പദ്ധതി വിഹിതം വകയിരുത്താവുന്നതാണ്. എസ്സ്.സി പ്രൊമോട്ടർ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം വള്ളികുന്നം പഞ്ചായത്തിൽ ആകെ 1250 എസ്.സി. കുടുംബങ്ങൾ ഉണ്ട്. പട്ടികജാതി വിഭാഗത്തിലെ ആകെ ജനസംഖ്യ 4976 ആണ്. പദ്ധതി രൂപീകരണ നിർവ്വഹണത്തിൽ പട്ടിക ജാതി വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടെന്ന് ചെലവ് രേഖകളിൽ നിന്നും വ്യക്തമാകുന്നു.
19-20, 20-21 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി ഉപ പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു (ചെലവ് പത്രിക പ്രകാരം).

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| 2019-20 | 13172680 | 8580861 | 65.14 |
| 2020-21 | 13470831 | 8908670 | 66.13 |

19-20, 20-21 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി ഉപ പദ്ധതികൾക്കായി സർക്കാരിൽ നിന്ന് ലഭിച്ച അലോട്ട്മെന്റിന്റെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ പരിശോധിച്ചതിൽ വികസനഫണ്ട് (എസ്സ്.സി.പി വിഭാഗം) ഉപയോഗിച്ചുള്ള പദ്ധതികൾ, പശ്ചാത്തലമേഖലയിൽ തുലോം കുറവാണെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. പശ്ചാത്തലമേഖലയിൽ കൂടതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| സാമ്പത്തിക വർഷം | അലോട്ട്മെന്റായി ലഭിച്ച തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| 2019-20 | 11248118 | 8580861 | 76.28 |
| 2020-21 | 10402215 | 8908670 | 85.64 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികൾ പ്രകാരം പട്ടികജാതി വിഭാഗത്തിൽ വ്യക്തിഗത ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | സാമ്പത്തിക വർഷം | പ്രോജക്ടിന്റെ പേര് | ആകെ ചെലവഴിച്ച തുക | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| കൃഷി ഓഫീസർ | 2019-20 | നെൽക്കൃഷി വികസനം, എസ്.സി., വനിത | 100000 | 11 |
| ടി | ടി | വാഴക്കൃഷി, | 94920 | 118 |

| | | | | |
|---|---|---|---|---|
| | | എസ്.സി. വനിത | | |
| വി.ഇ. ഒ | 2019-20 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ | 4000000 | 48 |
| ടി | ടി | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (സ്പിൽ ഓവർ ) | 270000 | 5 |
| ടി | 20-21 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ | 2850000 | 33 |
| ടി | ടി | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ, സ്പിൽ ഓവർ | 784000 | 16 |
| വെറ്ററിനറി സർജൻ | 2019 - 20 | കറവപ്പശു വിതരണം | 1200000 | 20 |
| ടി | ടി | ആട് വിതരണം | 708000 | 59 |
| ടി | ടി | പോത്ത്കുട്ടി വിതരണം | 576000 | 48 |
| ടി | 2020-21 | എരുമ വിതരണം | 600000 | 50 |
| ടി | ടി | കറവപ്പശു വിതരണം (സ്പിൽ ഓവർ) | 240000 | 4 |
| ടി | ടി | ആട് വിതരണം (സ്പിൽ ഓവർ) | 177000 | മുൻവർഷത്തെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് |
| ടി | ടി | പോത്ത്കുട്ടി വിതരണം (സ്പിൽ ഓവർ) | 144000 | മുൻവർഷത്തെ ഗുണഭോക്തൃവിഹിതം ചെലവവിച്ചത് |
| അസി. സെക്രട്ടറി | 2019-20 | വിവാഹ ധനസഹായം | 105000 | 15 |
| ടി | ടി | പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം | 700000 | 36 |
| ടി | 2020-21 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 317772 | 91 |
| ടി | ടി | വൃദ്ധർക്ക് കട്ടിൽ | 340200 | 81 |
| ടി | ടി | എൽ.പി.സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം | 398400 | 56 |
| ടി | ടി | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം | 398400 | 83 |
| ടി | ടി | പട്ടികജാതി | 253485 | 9 |

| | | | | |
|---|---|---|---|---|
| | | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | | |
| ടി | ടി | വിവാഹ ധനസഹായം | 825000 | 10 |

## 1-35 ദുരന്ത നിവാരണ പ്രതിരോധ പ്രവർത്തനങ്ങൾ

അതിജീവന ക്ഷമതയുള്ള ഒരു കേരള സമൂഹം എന്ന മഹത്തായ ലക്ഷ്യം മുൻ നിർത്തി ബഹു.സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത ഒരു ജനകീയ ക്യാമ്പയിൻ ആണ് നമ്മൾ നമുക്കായി എന്നത്. 2018-ലെ മഹാ പ്രളയത്തിൽ നിന്നുള്ള പാഠം ഉൾക്കൊണ്ട് പ്രാദേശികമായി ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളും, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും വർദ്ധിച്ച ജന പങ്കാളിത്തത്തോടെ നടത്തുവാൻ ഈ ക്യാമ്പയിൻ ജനങ്ങളെ പ്രാപ്തരാക്കുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ത.സ്വ.ഭവ. നമ്പർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഓണാട്ടു കരയുടെ ഭാഗമായ വള്ളികുന്നം ഒരു കാർഷിക ഗ്രാമമാണ്. കൃഷിയാണ് ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം ഇതു കൂടാതെ ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യമായ ഒരു ജീവനോപാധിയാണ് മൃഗസംരക്ഷണവും ക്ഷീര വികസനവും. മഴക്കെടുതി ഉൾപ്പടെയുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടേണ്ട സാഹചര്യങ്ങളിൽ ഈ കുടുംബങ്ങൾക്ക് അടിയന്തിര സഹായം ലഭ്യമാക്കേണ്ടതുണ്ട്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 25.05.2020ൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്ക് (ഓറഞ്ച് പുസ്തകം) അനുസൃതമായുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഇ 5-9424/19/ത.സ്വ.ഭ.വ /08.08.2019ലെ കത്തിന്റെ അടിസ്ഥാനത്തിൽ ദുരന്ത പ്രതിരോധ/നിവാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പഞ്ചായത്തിലെ ഭരണ സമിതി, പുറത്തു നിന്നും ക്ഷണിക്കാവുന്നവർ, പഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ, മുന്നറിയിപ്പ് ടീം, ഷെൽട്ടർ മാനേജ്മെന്റ് ടീം, പ്രഥമ ശുശ്രൂഷ/ബേസിക് ലൈഫ് സപ്പോർട്ട് ടീം, സന്നദ്ധ പ്രവർത്തനങ്ങൾക്കായി 18 വാർഡുകളിലെയും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളെയും ഉൾപ്പെടുത്തി ദ്രുത കർമ്മ സേന രൂപീകരിച്ച് ആസൂത്രണ രേഖ പുറപ്പെടുവിച്ചു. അതിജീവനത്തിനുള്ള പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം

മാതൃകാപരമായ പ്രവർത്തനങ്ങൾ തുടർന്നും നടത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 അംഗനവാടികൾ സംബന്ധിച്ച അവലോകനം

കെട്ടിടം

വള്ളികുന്നം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 30 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 15 എണ്ണം സ്വന്തം കെട്ടിടത്തിലും 14 എണ്ണം വാടക കെട്ടിടത്തിലും ഒരെണ്ണം വാടക രഹിതമായും പ്രവർത്തിക്കുന്നു. 11 അങ്കണവാടികൾക്ക് ചുറ്റുമതിൽ സൗകര്യമുണ്ട്.

കുടിവെള്ള സൗകര്യം

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുൾപ്പടെ 30 അങ്കണവാടികൾക്കും കുടിവെള്ള സൗകര്യം ഉണ്ട്.

വൈദ്യുതി കണക്ഷൻ

സ്വന്തമായി കെട്ടിടമുള്ളതും വാടകയ്ക്ക് പ്രവർത്തിക്കുന്നതുൾപ്പടെ 30 അങ്കണവാടികളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്.

ടോയ്‌ലെറ്റ് സൗകര്യം

എല്ലാ അങ്കണവാടികളിലും ടോയ്‌ലറ്റ് സൗകര്യം ലഭ്യമാണ്.

ഗ്യാസ് കണക്ഷൻ

എല്ലാ അങ്കണവാടികൾക്കും ഗ്യാസ് കണക്ഷൻ ലഭ്യമാണ്.

എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടമില്ലാത്തത് അപര്യാപ്തതയാണ്. സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം, നിർമ്മിക്കാത്തതും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നതുമായ അങ്കണവാടികൾ സംബന്ധിച്ച് ജി.ഒ. (എം.എസ്) 29/2012 ത.സ്വ.ഭ.വ /03.09.2010 ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-37 2020-21സാമ്പത്തികവർഷം വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളെക്കുറിച്ചുള്ള അവലോകനം

| പെൻഷൻ ഇനം | ആകെ അപേക്ഷകരുടെ എണ്ണം | അനുവദിച്ചത് | നിരസിച്ചത് | നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 19 | 11 | 03 | 433 | 5459000 |
| ഭിന്നശേഷി പെൻഷൻ | 22 | 20 | 03 | 394 | 1271900 |
| വിധവാ പെൻഷൻ | 82 | 67 | 15 | 395 | 20094700 |
| വാർദ്ധക്യകാല പെൻഷൻ | 430 | 339 | 58 | 3154 | 42293900 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത വനികൾക്കുള്ള പെൻഷൻ | 00 | 00 | 62 | 27 | 835100 |

.

## 1-38 ലൈഫ് പദ്ധതി അവലോകനം

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുക, മുൻകാലങ്ങളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുക, വാസയോദ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക തുടങ്ങിയവ ലൈഫ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

2020-21 സാമ്പത്തിക വർഷത്തിൽ ലൈഫ് പദ്ധതി പ്രകാരം കരാർ വച്ചതും പൂർത്തീകരിച്ചതുമായ ഭവനങ്ങളുടെ വിശദാംശം വി.ഇ.ഒ. ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ളത് ചുവടെ ചേർക്കുന്നു.

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2020-21 | 02 | 02 | 02 | 02 | 06 | 03 |

2) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2020-21 | 5632647 | 1032353 | 360000 | 2400000 | 540000 | 9965000 |

3) ലൈഫ് ഭവന പദ്ധതി പ്രകാരം കരാർവച്ചതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| കരാർ വച്ച സാമ്പത്തിക വർഷം | ഗുണഭോക്താവിന്റെ വിശദാംശം | | | നിലവിലെ അവസ്ഥ |
|---|---|---|---|---|
| | പേര് | വാർഡ് | കൈപ്പറ്റിയ തുക | |
| 20-21 | തുളസിയമ്മ/വിജയൻ പിള്ള, അജിത്ത് ഭവനം | 10 | 260000 | നിലവിൽ വീട് പണി ലിന്റൽ ലെവൽ വരെയായി |
| 20-21 | രാജൻ, മംഗലത്ത് | 10 | 260000 | മേൽക്കൂരയുടെ പണി നടന്നു വരുന്നു. |
| 20-21 | ഉമൈബ, ഉമൈബ ഭവൻ, | 08 | 360000 | അവസാന പണികൾ നടന്നു വരുന്നു. |
| 20-21 | രാഖി.പി., കണ്ടത്തിൽ തറയിൽ | 1 | 360000 | അവസാന പണികൾ നടന്നു വരുന്നു. |
| 20-21 | റഹിയാനത്ത്, ജാസ്മിൻ മൻസിൽ | 12 | 80000 | ഫൗണ്ടേഷൻ പൂർത്തിയായി. അടുത്ത ഘട്ട പണികൾ നടന്നു വരുന്നു. |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർണമാകുന്ന മുറക്ക് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-39 തൊഴിലുറപ്പ് പദ്ധതി -അവലോകനം

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 295 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4546 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2502 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2380 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 164835 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 69 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുമ്പങ്ങൾ | 314 |

ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 420 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 420 |
| തൻവർഷം പൂർത്തിയാക്കിയത് | 333 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 60 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 27 |

വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 65 | 13872000 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 12 | 2500000 |

| | | | |
|---|---|---|---|
| 3 | ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 85 | 13300000 |
| 4 | വരൾച്ചാ നിവാരണം | 16 | 2400000 |
| 5 | റൂറൽ കണക്ടിവിറ്റി | 55 | 13095000 |
| 6 | മറ്റ് പ്രവൃത്തികൾ | 100 | 3300000 |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വാണിജ്യ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ ഗണ്യമായ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/- രൂപയും 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 70/-രൂപയും ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിട നം. | ആകെ തറ വിസ്തീർണ്ണം | ചുമത്തിയ നികുതി@50 | ചുമത്തേണ്ട നികുതി@70 | കുറവ് |
|---|---|---|---|---|---|---|
| ശ്രീ. രവികുമാർ. കല്ല്യാണിശ്ശേരിൽ, ഇലപ്പിക്കുളം | 1(ചൂനാട്) | 250/A | 78.01 | 3900 | 5460 | 1560 |
| | | 250/B | 78.01 | 3900 | 5460 | 1560 |
| | | 250/C | 40.54 | 2027 | 2838 | 811 |
| | | 250/D | 15.1 | 755 | 1057 | 302 |
| | | 250/E | 65.3 | 3265 | 4571 | 1306 |
| | | 250/F | 65.3 | 3265 | 4571 | 1306 |
| | | 250/G | 21.3 | 1065 | 1491 | 426 |
| | | 250/H | 21.4 | 1070 | 1498 | 428 |
| | | 250/I | 21.3 | 1065 | 1491 | 426 |
| | | 250/J | 21.53 | 1077.5 | 1507 | 429.5 |
| | | 250/K | 31.8 | 1590 | 2226 | 636 |
| | | 250/L | 63.2 | 3160 | 4424 | 1264 |
| | | 250/M | 26.5 | 1325 | 1855 | 530 |
| | | 250/N | 24.45 | 1222.5 | 1711.5 | 489 |
| | | 250/O | 21.3 | 1065 | 1491 | 426 |
| | | 250/P | 22.1 | 1105 | 1547 | 442 |
| | | 250/Q | 22.1 | 1075 | 1547 | 472 |
| | | 250/R | 20.4 | 1020 | 1428 | 408 |
| | | | 659.24 | 32952 | 46173 | 13221 |
| രാമചന്ദ്രൻ പിള്ള കുരുമ്പോലിൽ | 15(വളച്ചാൽ) | കെട്ടിടനം. | ആകെ തറ വിസ്തീർണ്ണം | ചുമത്തിയ നികുതി@30 | ചുമത്തേണ്ട നികുതി@70 | കുറവ് |
| | | 130 | 24.99 | 749.7 | 1249.5 | 499.8 |

| | | | | | | |
|---|---|---|---|---|---|---|
| | | 131 | 20 | 600 | 1400 | 800 |
| | | 132 | 24.99 | 749.7 | 1749.3 | 999.6 |
| | | 133 | 15 | 450 | 1050 | 600 |
| | | 134 | 20 | 600 | 1400 | 800 |
| (പ്രശാന്തി) | | | | ചുമത്തിയ നികുതി@50 | | |
| | | 134A | 79.84 | 3992 | 5588.8 | 1596.8 |
| | | 134B | 48.94 | 2447 | 3425.8 | 978.8 |
| | | 134D | 19.05 | 975 | 1333.5 | 358.5 |
| | | | 252.81 | 10563 | 17197 | 6634 |

ടി ചട്ടങ്ങളിലെ 3-ാം ചട്ടം 5-ാം ഉപചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയും പ്രകാരം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടത്. വാണിജ്യാവശ്യ കെട്ടിടങ്ങൾ ഉടമയുടെ സൌകര്യാർത്ഥം വ്യത്യസ്ത നമ്പറുകൾ നൽകി വ്യത്യസ്തകെട്ടിടങ്ങളായി നികുതി നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്ക് ചുമത്തേണ്ടതാണ്. ഇതിന് സഞ്ചയ സോഫ്റ്റ്‌വെയറിലുള്ള സൌകര്യം ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രസ്തുത കെട്ടിടങ്ങളെ റീ അസസ്സ് ചെയ്യേണ്ടതും അസസ്മെന്റ് വർഷം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കേണ്ടതുമാണ്. അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. 2020-21 സാമ്പത്തിക വർഷം ഈടാക്കുന്നതിൽ ആകെ കുറവ് വന്ന വസ്തു നികുതി 19855 രൂപ (വർദ്ധനവുകൾ, ലൈബ്രറി സെസ്സ് എന്നിവ ആനുപാതികമായി പ്രത്യേകം കണക്കാക്കി) ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഉൾപ്പടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ.9/12.10.21 നൽകിയതിന് കുറവ് തുക ബന്ധപ്പെട്ട ഉടമകളിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-2- സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 202021സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഇനം | കാലയളവ് | തുക |
|---|---|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്, വള്ളികുന്നം | സ്ഥാപന തൊഴിൽ നികുതി | 2020-21 Ist&IInd അർദ്ധവാർഷികങ്ങൾ | 2500 |
| 3 | കെ.എസ്.ഇ.ബി. ചൂനാട് | സ്ഥാപന തൊഴിൽ നികുതി | 2020-21 Ist&IInd അർദ്ധവാർഷികങ്ങൾ | 2500 |

ഇതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/12.10.2021ന് സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിരുന്നു. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയുടെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2400000 | 1.പാലിന് സബ്സിഡി (ജനറൽ)<br>2.ലൈഫ് ഭവന പദ്ധതി (എസ്സ്.സി)<br>3.ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 3332353 (മുന്നിരിപ്പ് ഉൾപ്പടെ) | 1744696 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 700000 | 1.ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്<br>2.ലൈഫ് ഭവന പദ്ധതി (എസ്സ്.സി) | 1060000 (മുന്നിരിപ്പ് ഉൾപ്പടെ) | 1049658 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവർത്തി നടത്തിയതിന്റെയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവഹണ ഏൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നം/ചെക്ക് നം, | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.23/13.10.20 /3136720/- ചെക്ക്നം.565945/13.10.20 /143280/- | 3280000 | 0 | 3280000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | ബിൽ നം.26/09.11.20 /356950 ബിൽ നം.27/09.11.20 /154700 | 511650 | 0 | 511650 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവർത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

## 4-4- വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പതുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തീയ്യതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | | 3260000 | 15327941 | 1507100 | 0 | 17080841 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15 | 4.1.15 | നിഷ്ക്രിയാസ്തി സംബന്ധിച്ച് | ആസ്തി പ്രവർത്തനക്ഷമം ആക്കിയിട്ടുണ്ട് |
| 2015-16 | 2.2 | തൊഴിൽ നികുതിയിലെ അപാകത | ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മുത്തൂറ്റ് ഒഴികെയുള്ള സ്ഥാപനങ്ങൾ തുക അടച്ചു. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 90563014 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 90113445 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 4271650 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 19855 | ശ്രീ.എസ്സ്.പ്രദീപ് സെക്രട്ടറി |
| 1-13 | 5000 | ശ്രീ.എസ്സ്.പ്രദീപ് സെക്രട്ടറി |
| ആകെ | 24855 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19(1) | 511650 | ശ്രീ.എസ്. പ്രദീപ്, സെക്രട്ടറി |
| 1-19(2) | 3280000 | ശ്രീ.എസ്. പ്രദീപ്, സെക്രട്ടറി |
| 1-25 | 480000 | ശ്രീമതി. ശ്രീലേഖ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

| | | |
|---|---|---|
| ആകെ | 4271650 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീലേഖ ഐ.സി.സി.എസ്. | ഐ.സി.ഡി.എസ്. വള്ളികുന്നം ഗ്രാമപഞ്ചായത്ത് | പറങ്കിമാംവിളയിൽ ആനയടി പി.ഒ. ശൂരനാട് വടക്ക് കൊല്ലം |
| എസ്.പ്രദീപ് സെക്രട്ടറി | സെക്രട്ടറി വള്ളികുന്നം ഗ്രാമപഞ്ചായത്ത് | കണിശ്ശേരി തറയിൽ ആലുംകടവ്.പി.ഒ. കരുനാഗപ്പള്ളി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-1999 (ചെലവ്) | എൽ.എഫ്. ജി. എ5-1832/11 തീയതി 03.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11 തീയതി 02.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2006-07 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2007-08 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2010-11 | എൽ.എഫ്.എ.പി.6 -1299/12തീയതി 26.12.12/11.01.2013 (ഓഡിറ്റ് അദാലത്ത്) |
| 2011-12,2012-13 | എൽ.എഫ്.എ.പി.6-939/14/19.08.2014 |
| 2013-14 | കെ.എസ്.എ -എപി ഇസഡ്-പി.6-1095/2015 തീ.11.08.2015 |
| 2014-15 | നം.കെ.എസ്.എ-എ.എൽ.പി/പി.6-659/16തീയതി: 04.07.2016 |
| 2015-16 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1535/16തീയതി: 03.01.2017 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1386/17തീയതി: 13.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽപി/പി6/1551/2018 തീയതി.23.11.2018 |
| 2018-19 | കെ.എസ്.എ/എ.എൽപി/പി6/1551/2018 തീയതി.23.11.2018 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്